"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സി.എസ്.ഐ.എൻ. വകുപ്പ് - തിരുവനന്തപുരം ജില്ല - ചിറയിൻകീഴ് താലൂക്ക്- ടി.എസ്. കനാലിനു കുറുകെ കടകം ഭാഗത്ത് കോൺക്രീറ്റ് പാലം നിർമ്മിക്കുന്നതിനോടനുബന്ധിച്ച് ഭൂമി ഏറ്റെടുക്കൽ - അധിക തുക അനുവദിച്ചത്- പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.26/2024/CSIND തീയതി,തിരുവനന്തപുരം, 13-07-2024

---

പരാമർശം:-

1. സ.ഉ.(കൈ) നം.05/2017/ സി.എസ്.ഐ.എൻ.ഡി. തീയതി. 22/11/2017.
2. സ.ഉ.(സാധാ) നം.20/2023/സി.എസ്.ഐ.എൻ.ഡി. തീയതി 23/06/2023.
3. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 20/12/2023- ലെ ഡബ്ല്യു6-836/സി.ഇ/ഐ.എൻ/2022 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിൽ ടി.എസ്. കനാലിനു കുറുകെ വടക്കേ അരയതുരുത്ത്, തെക്കേ അരയതുരുത്ത്, കടകം എന്നീ ഭാഗങ്ങളിൽ കോൺക്രീറ്റ് പാലം നിർമ്മിക്കുന്നതിനോടനുബന്ധിച്ചുള്ള ഭൂമി ഏറ്റെടുക്കലിനായി യഥാക്രമം 83 ലക്ഷം, 34 ലക്ഷം, 83 ലക്ഷം എന്നിങ്ങനെ ആകെ 200 ലക്ഷം രൂപയ്ക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടപ്രകാരം കടകം ഭാഗത്ത് ഭൂമിയേറ്റെടുക്കലിന് ഭരണാനുമതി നൽകിയിരുന്ന 83 ലക്ഷം രൂപ കൂടാതെ 62,50,000/- രൂപ കൂടി അധികമായി അനുവദിച്ചുകൊണ്ട്, ആകെ 1,45,50,000/- (ഒരു കോടി നാൽപത്തി അഞ്ച് ലക്ഷത്തി അമ്പതിനായിരം) രൂപയുടെ (നഷ്ടപരിഹാര തുക 136.50 ലക്ഷം + കണ്ടിജൻസി ചാർജ്ജ് 9 ലക്ഷം) പുതുക്കിയ ഭരണാനുമതി പരാമർശം ( 2 ) പ്രകാരവും നൽകിയിരുന്നു.

2. കടകം ഭാഗത്ത് ടി.എസ് കനാലിന് കുറുകെ മേൽപ്പാല നിർമ്മാണത്തിനായി ഭൂമി പൊന്നും വിലയ്ക്ക് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട്, അടിസ്ഥാനവിലനിർണ്ണയം നടത്തിയതിൻ പ്രകാരം ആവശ്യമായ തുകയായ (74,00,000/- - 62,50,000/-) 1,36,50,000/- രൂപയിൽ മുഴുവൻ തുകയും സ്ഥലമേറ്റെടുത്ത ഓഫീസർക്ക് ലഭ്യമാക്കിയിട്ടുള്ളതായും എന്നാൽ എൽ.എ.സി 230/21 കേസിൽ അവാർഡ് പാസ്സാക്കുന്നതിനായി 05.06.2024 തീയതി വരെ 12% വർദ്ധനവ് സഹിതം 26,44,640/- രൂപ കണക്കാക്കിയിട്ടുള്ളതും എന്നാൽ അനുവദിച്ചിരുന്ന 62,50,000/- രൂപയിൽ 6,23,309/- രൂപയാണ് ബാലൻസ് ഉള്ളതെന്നും അധികമായി ആവശ്യമുള്ള ( 26,44,640 - 6,23,309) 20,21,331/- രൂപ കൂടി അനുവദിക്കണമെന്ന് സ്പെഷ്യൽ തഹസീൽദാർ, പൊന്നും വില ജനറൽ ആവശ്യപ്പെട്ടിട്ടുണ്ടെന്നും മേൽ തുക അനുവദിച്ച് ഉത്തരവാകണമെന്നും ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ പരാമർശം (3) കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിൽ ടി.എസ് കനാലിനു കുറുകെ കടകം ഭാഗത്ത് റോഡ് പാലം നിർമ്മിക്കുന്നതിനോടനുബന്ധിച്ചുള്ള ഭൂമി ഏറ്റെടുക്കലിന് പരാമർശം (2) പ്രകാരം പുതുക്കി ഭരണാനുമതി നൽകിയിരുന്ന 1,45,50,000/- രൂപ കൂടാതെ 20,21,331 രൂപ കൂടി അധികമായി അനുവദിച്ചുകൊണ്ട്, ആകെ 1,65,71,331 (ഒരു കോടി അറുപത്തി അഞ്ച് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി മുന്നൂറ്റി മുപ്പത്തിയൊന്ന്) രൂപയുടെ പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഭൂമി ഏറ്റെടുക്കലിന് ആവശ്യമായ തുക 5075-60-800-94 (PV) എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

4. പരാമർശം (1) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അശോക് കുമാർ സിംഗ് ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ
ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ് , ആശ്രാമം, കൊല്ലം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ ( I & PW-B ) വകുപ്പ് (I & PW- B3/69/2023-FIN, 07/06/2024)
വിവര പൊതുജന സമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് (എ2/8/2024/സി.എസ്.ഐ.എൻ.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Bimal V
സെക്ഷൻ ഓഫീസർ
Date: 15-07-2024 16:16:11